I ഇ.ബി. XIV - കേരള നിയമസഭ /X-17

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 23, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയം**

<u>ശിക്ഷ ഇളവു ചെയ്യൽ</u>

<u>മി. സ്പീക്കർ</u>: പ്രമാദമായ കൊലപാതക കേസ്സുകളിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കൊടുംകുറ്റവാളികളെ രാഷ്ട്രീയ പരിഗണനയുടെ പേരിൽ ശിക്ഷ ഇളവ് ചെയ്ത് വിട്ടയയ്ക്കാനുള്ള നീക്കംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. എം. ഷാജി. അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ

റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2014-ലെ ജയിൽ ചട്ടങ്ങളനുസരിച്ച് നിയന്ത്രണങ്ങൾക്ക് വിധേയമായാണ് അന്തേവാസികൾക്ക് ശിക്ഷാ ഇളവ് അനുവദിക്കുന്നത്. നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളൂ. ശിക്ഷിക്കപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്ന 30 പേരുടെ കേസ്സുകൾ ജില്ലാ പരോൾ അവലോകന കമ്മിറ്റി പരിശോധിച്ച് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 19 പേർക്ക് 15 ദിവസത്തേയ്ക്ക് പരോൾ അനുവദിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. വിവിധ കേസ്സുകളിലെ പ്രതികളുടെ പ്രശ്നം ചട്ടപ്രകാരമുള്ള പരോൾ കമ്മിറ്റി അംഗീകരിച്ചുനൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ രാഷ്ട്രീയ വിവേചനമോ സർക്കാരിന്റെ ഇടപെടലോ ഉണ്ടായിട്ടില്ല. 70 വയസ്സുകഴിഞ്ഞവരെ മോചിപ്പിക്കണമെന്ന ജയിൽ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 59 അന്തേവാസികളുടെ പേരുകൾ അഡ്വൈസറി ബോർഡിൽ വയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തടവുകാരെ വിട്ടയയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. സർക്കാരിന്റെ സ്വാഭാവിക നടപടിക്രമമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: ടി.പി. ചന്ദ്രശേഖരൻ കൊലക്കേസ്സിലെ 13-ാം പ്രതിയായ പി. കെ. കുഞ്ഞനന്തൻ കോഴിക്കോട് വിചാരണ കോടതി ജീവപര്യന്തം

തടവിന് ശിക്ഷിച്ച് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുകയാണ്. വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ശിക്ഷ ഇളവ് അനുവദിക്കാൻ പാടുള്ളൂവെന്ന് വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. അപ്പീൽ പെൻഡിംഗ് ഉള്ളവർക്ക് ശിക്ഷ ഇളവ് അനുവദിക്കാൻ സർക്കാരിന് അധികാരമില്ല. ഈ കേസ്സിൽ കേരള ഹൈക്കോടതിയിൽ 3 അപ്പീലുകൾ പെൻഡിംഗാണ്. ജീവപര്യന്തം ശിക്ഷിക്കപ്പെടുന്ന കൊലക്കേസ് പ്രതികൾക്ക് 14 വർഷം ജയിൽശിക്ഷ അനുഭവിക്കാതെ ശിക്ഷായിളവിന് അർഹതയില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കേസ്സിലെ പ്രതികളെ രക്ഷിക്കാൻ മുഖ്യമന്ത്രി നിയമലംഘനം നടത്തുകയാണ്. ജനങ്ങളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച പ്രതിയെ നിയമവിരുദ്ധമായി ജയിൽ മോചിതനാക്കുന്നത് നിയമവാഴ്ചയുടെ ലംഘനവും മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയുമാണ്. മുഖ്യമന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിയമപ്രകാരമുള്ള പരിശോധനകൾ പൂർത്തിയാക്കിയശേഷം മാത്രമേ പ്രതികളെ ജയിൽ മോചിതരാക്കുകയുള്ളൂ. ഇവിടെ പ്രകടിപ്പിച്ച ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ വിഷയം സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) ജനസംഖ്യാനുപാതിക സംവരണം

ശ്രീ. സി. കെ. ശശീന്ദ്രൻ: കേരളത്തിൽ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിലിനുള്ള സംവരണം 2 ശതമാനമാണ്. വയനാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഈ വിഭാഗക്കാർ കൂടുതലായുണ്ട്. രണ്ട് ശതമാനം സംവരണം കണക്കാക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന 11,998 പേരിൽ 240 പേർക്ക് മാത്രമാണ് തൊഴിൽ ലഭിക്കുക. ജില്ലാടിസ്ഥാനത്തിൽ ആദിവാസികളുടെ ജനസംഖ്യാ തോതനുസരിച്ച് സംവരണം ഉറപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ് സംസ്ഥാന സർക്കാർ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് . ഇതനുസരിച്ച് 10 ശതമാനം സംവരണമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നൽകിവരുന്നത്. അതിൽ 2 ശതമാനം സംവരണം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ്. സംസ്ഥാന ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് ഒരു സംസ്ഥാനത്ത് സംവരണം നിശ്ചയിക്കുന്നത്. ജില്ലാടിസ്ഥാനത്തിലോ ഒരു വിഭാഗത്തിൽപ്പെട്ട കൂടുതൽ പേർ താമസിക്കുന്ന പ്രത്യേക പ്രദേശങ്ങളുടെ അടിസ്ഥാനത്തിലോ സംവരണം നിശ്ചയിക്കാൻ നിയമപരമായി സാധിക്കില്ല. വയനാട് ജില്ലയിൽ പട്ടിക ഗോത്രവർഗ്ഗക്കാരുടെ ജനസംഖ്യ മറ്റ് പ്രദേശങ്ങളേക്കാൾ കൂടുതലാണ്. ജില്ലാടിസ്ഥാനത്തിൽ തൊഴിൽ സംവരണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

(2) ഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. കെ. അബ്ദു റബ്ബ്: മലപ്പുറം ജില്ലയിലെ ദേശീയപാത 66-ന്റെ വികസനത്തിനായി നിലവിലുള്ള റോഡിന്റെ ഇരുഭാഗത്തുനിന്നും തുല്യമായി സ്ഥലം എടുക്കുന്നതിനും വളവുകളും മറ്റും കൂടുതലുള്ള സ്ഥലങ്ങളിൽ

അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുന്നതിനുമാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കൂടുതൽ വളവുകളും തിരിവുകളും ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. സ്ഥലമേറ്റെടുക്കുമ്പോൾ അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും അശാസ്ത്രീയമായ കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള അലൈൻമെന്റ് തയ്യാറാക്കുന്നതുവരെ സർവ്വേ നടപടികൾ നിർത്തിവയ്ക്കുന്നതിനും ജനങ്ങളുടെ പരാതികൾ പരിഹരിച്ചുകൊണ്ട് സർവ്വേ നടത്തി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. സ്ഥലം നഷ്ടപ്പെടുന്നവർക്ക് പരാതി നൽകുന്നതിന് സമയം അനുവദിക്കുന്നതിനും സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്നതിനും എം.എൽ.എ.-മാരെയും ജില്ലാ കളക്ടറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി യോഗം ചേരുന്നതിനും മുൻകയ്യെടുക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലപ്പുറം ജില്ലയിലെ ദേശീയപാത 66-ന്റെ വികസനത്തിന് സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾക്ക് ജനങ്ങൾ എതിരാണെന്ന പ്രചരണം വസ്തുതാവിരുദ്ധമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് മൂന്ന് യോഗങ്ങൾ നടത്തുകയുണ്ടായി. മൂന്നാമത്തെ യോഗ തീരുമാനപ്രകാരമാണ് ഇപ്പോഴത്തെ അലൈൻമെന്റ് ജില്ലാ കളക്ടർ സമർപ്പിച്ചിരിക്കുന്നത്. നഷ്ടപരിഹാരം കൊടുക്കുന്നതിനെ സംബന്ധിച്ച് തെറ്റായ വാർത്തകളാണ് പ്രചരിപ്പിക്കുന്നത്.

2013-ലെ ദേശീയപാത ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. ചില സ്ഥലങ്ങളിൽ റോഡിന്റെ ഇരുസൈഡിൽനിന്നും തുല്യമായി സ്ഥലമേറ്റെടുക്കാൻ കഴിയില്ല. നിലവിൽ പുതിയ അലൈൻമെന്റ് മാറ്റേണ്ട യാതൊരു സാഹചര്യവുമില്ല. അത്തരത്തിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുകയാണെങ്കിൽ എൻ.എച്ച്.എ.ഐ.-യ്ക്ക് അയയ്ക്കുന്നതാണ്. ആരാധനാലയങ്ങളൊന്നും അലൈൻമെന്റിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. വളരെ കൃത്യമായ ഡിസൈൻ ആണ് തയ്യാറാക്കിയിരിക്കുന്നത്. ജനങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് രേഖാമൂലം നൽകാവുന്നതാണ്.

## III സബ്മിഷൻ

### (1) ചോദ്യപേപ്പർ ചോർച്ച

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള ചോദ്യപേപ്പറുകൾ ചോർന്നതുസംബന്ധിച്ച് അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കാനും നിരന്തരമായി ചോദ്യപേപ്പർ ചോരുന്നത് നിയന്ത്രിക്കാനും ഉത്തരവാദികളായ ആളുകളുടെ പേര് പുറത്തുവിടാനും സർക്കാർ തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 22-3-2018-ന് രാവിലെ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്റർക്ക് കൈകൊണ്ടെഴുതി തയ്യാറാക്കിയ ഫിസിക്സുമായി ബന്ധപ്പെട്ട ചോദ്യങ്ങളടങ്ങിയ വാട്ടസ്അപ്പ് സന്ദേശം ലഭിച്ചിരുന്നു. അതിലെ ചോദ്യങ്ങളിൽ ചിലത് 21-3-2018-ന് നടന്ന പ്ലസ് ടു ഫിസിക്സ് പരീക്ഷയുടെ ചോദ്യപേപ്പറിലേതിന് സമാനമാണെന്ന് പരാമർശിച്ചിരുന്നു. പ്രസ്തുത സന്ദേശം ജില്ലാ കോ-ഓർഡിനേറ്റർ ഡയറക്ടറേറ്റിലേയ്ക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ചോദ്യങ്ങളിൽ ചിലതിന് പ്ലസ് ടു ഫിസിക്സ് പരീക്ഷയുടെ ചോദ്യപേപ്പറിനോട് സാമ്യമുള്ളതായി കണ്ടെത്തുകയും സന്ദേശത്തിന്റെ നിജസ്ഥിതി അറിയുന്നതിനും സന്ദേശം പ്രചരിച്ച സമയം സ്ഥിരീകരിക്കുന്നതിനുമായി ഹയർ സെക്കണ്ടറി ഡയറക്ടർ ഡി.ജി.പി.-ക്ക് പരാതി നൽകുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ ഐ.ടി. ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ചോദ്യപേപ്പർ ചോർന്നതായി ഇതുവരെ സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല. കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ സ്വമേധയാ നടപടി സ്വീകരിച്ചത്. അന്വേഷണം പൂർത്തിയായതിനുശേഷം ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പരീക്ഷകളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

## (2) സ്പെഷ്യൽ റൂൾസ്

ശ്രീ. റ്റി. വി. രാജേഷ്: സ്പെഷ്യൽ റൂൾസ് യഥാസമയം തയ്യാറാക്കാത്ത വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അവ അടിയന്തരമായി തയ്യാറാക്കി പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവിധ കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾസ് എത്രയും വേഗം തയ്യാറാക്കുന്നതിന് 2014-ൽ തന്നെ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി തയ്യാറാക്കി ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും 7-10-2017-ലെ സർക്കുലർ മുഖേന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി തയ്യാറാക്കാനും നിലവിലുള്ളവയിൽ ആവശ്യമായ ഭേദഗതി വരുത്താനും നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അവലോകന യോഗം വിളിക്കുന്നതാണ്.

(3) സർക്കാർവക സ്ഥലം ഉപയോഗപ്പെടുത്തൽ

ശ്രീ. കെ. സി. ജോസഫ്: ന്യൂഡൽഹിയിലെ കേരളഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ജീവനക്കാരുടെ അസൗകര്യം കണക്കിലെടുത്ത് സ്റ്റാഫ് ക്വാർട്ടേഴ്സ് മാറ്റുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കുന്നതിനും സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ന്യൂഡൽഹിയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ഹൗസിൽ ആർട്ട് ഗാലറി, മ്യൂസിയം, ലൈബ്രറി, ഓഡിറ്റോറിയം തുടങ്ങിയവ നിർമ്മിക്കുന്നതിനും കപൂർത്തല പ്ലോട്ടിനെ ആയുർവേദ ആശുപത്രി, പഠനകേന്ദ്രം ഉൾപ്പെടെയുള്ള ഹബ്ബായി വികസിപ്പിക്കുന്നതിനും കേരള ഹൗസ് കോമ്പൗണ്ടിൽ പുതുതായി അതിഥി മന്ദിരം നിർമ്മിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കേരളപ്പിറവി ദിനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റുകൾ വാങ്ങി കേരള ഹൗസ് ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സുകൾ മെട്രോ സ്റ്റേഷനടുത്തായതിനാൽ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല.

(4) അണകെട്ടൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാതിരിക്കുന്നതിന്റെ ഭാഗമായി അനധികൃത ഡാമുകൾ നിർമ്മിക്കുന്ന തമിഴ്നാട് സർക്കാരിന്റെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നല്ലാറിന് കുറുകെ പുതിയ തടയണ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അനധികൃത നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് സർക്കാർ അതിന് തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ സർക്കാർ നടത്തുന്നതാണ്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം കൃത്യമായ അളവിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതല ചർച്ചയിലെ ധാരണ പ്രകാരമുള്ള ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ സർക്കാർ വീണ്ടും ഇടപെട്ടെങ്കിലും മാർച്ച് 15-ലെ കണക്കുപ്രകാരം അഞ്ഞൂറ് ദശലക്ഷം ഘന അടിയുടെ കുറവ് വന്നിട്ടുണ്ട്. ഉദ്യോഗസ്ഥതല ചർച്ച നടത്തി തീരുമാനത്തിലെത്താൻ ജലവിഭവ വകുപ്പിന്

നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ബാലനീതി നിയമം

ശ്രീ. രാജു എബ്രഹാം: ബാലനീതി നിയമപ്രകാരം രജിസ്ട്രേഷൻ പുതുക്കാതെ അടച്ചുപൂട്ടുന്ന സംസ്ഥാനത്തെ ശിശുസംരക്ഷണ കേന്ദ്രങ്ങളിലെ കുട്ടികളെ സംരക്ഷിക്കാൻ അടിയന്തര സംവിധാനമുണ്ടാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ബാലനീതി നിയമം നിലവിൽ വന്ന് ആറുമാസത്തിനുള്ളിൽ ശിശുസംരക്ഷണ കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കണമെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന് സർക്കാർ പത്രപ്പരസ്യം നൽകി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളുടെ സ്വത്ത് സർക്കാർ ഏറ്റെടുക്കരുതെന്നും കുട്ടികളെ നിയമം നിഷ്കർഷിക്കുന്ന സൗകര്യങ്ങളുള്ള സ്ഥാപനങ്ങളിലേയ്ക്ക് മാറ്റണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. രജിസ്ട്രേഷന് ആറുമാസത്തെ സാവകാശം വേണമെന്ന സർക്കാരിന്റെ ആവശ്യം സുപ്രീംകോടതി അംഗീകരിച്ചിട്ടില്ല. രജിസ്ട്രേഷൻ പുതുക്കാൻ സാധിക്കില്ലെന്ന് പറഞ്ഞ് അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ അനാഥരായ കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ ഹോമുകളിൽ സംരക്ഷിക്കുന്നുണ്ട്.

മാർച്ച് 31-നകം രജിസ്ട്രേഷൻ നടത്താൻ കഴിയാത്ത സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

(6) ബദൽ റോഡ് നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ: അട്ടപ്പാടി ആദിവാസി മേഖലയിലെ ചുരം റോഡിന്റെയും ബദൽ റോഡിന്റെയും നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അട്ടപ്പാടിയിലെ ചുരം റോഡ് നവീകരണത്തിന് 80 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 29 കി. മീ. ദൈർഘ്യമുള്ള ബദൽ റോഡിന്റെ ചിറക്കൽപ്പടി മുതൽ പൂഞ്ചോലവരെയുള്ള ആദ്യഭാഗവും പാറവളവ് മുതൽ അഗളിവരെയുള്ള അവസാന ഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലും പൂഞ്ചോല മുതൽ പാറവളവ് വരെയുള്ള 5 കി.മീറ്ററിൽ രണ്ടര കിലോ മീറ്റർ ദൂരം വനം വകുപ്പിന്റെ അധീനതയിലുമാണ്. പ്രസ്തുത സ്ഥലത്ത് സർവ്വേ നടത്തുന്നതിനായി മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. അനുവാദം ലഭിച്ചാലുടൻ ബദൽ റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(7) മെഡിക്കൽ ക്യാമ്പ്

ശ്രീ. റോഷി അഗസ്റ്റിൻ: വയോജനങ്ങൾക്കായി ത്രിതല പഞ്ചായത്തുകൾ മുഖേന മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുള്ള അനുമതി നൽകുന്നതിനും വികസനഫണ്ടിൽ വയോജനങ്ങൾക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ആശുപത്രി സംവിധാനത്തിനുപുറത്ത് വിദഗ്ദ്ധ പരിശോധനയും ചികിത്സയും ഇല്ലാതെ മരുന്നുകൾ, ടോണിക്കുകൾ, ആയുർവേദ ലേപനങ്ങൾ എന്നിവയുടെ വിതരണവും ദുരുപയോഗവും തടയുന്നതിനാണ് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേക നിബന്ധന ഉൾപ്പെടുത്തിയിരിക്കുന്നത്. ത്രിതല പഞ്ചായത്തുകൾ മുഖേന മെഡിക്കൽ ക്യാമ്പ് നടത്തി മരുന്നുകൾ വിതരണം ചെയ്യുന്നത് പ്രത്യേകം പരിഗണിക്കാൻ കഴിയുമോയെന്നതും വയോജനങ്ങൾക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(8) ചുഴപ്പ്-നെടിയോരം റോഡ് നിർമ്മാണം

ശ്രീമതി ഇ. എസ്. ബിജിമോൾ: പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെട്ട ചുഴപ്പ്-നെടിയോരം-തെക്കേമല, കൊക്കയാർ-വടക്കേമല-ഉറുമ്പിക്കര റോഡുകളുടെ നിർമ്മാണ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ചുഴപ്പ്-നെടിയോരം-തെക്കേമല റോഡിന്റെ സംരക്ഷണപ്രവൃത്തി ഒഴികെയുള്ള പണികൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന കാര്യവും കൊക്കയാർ-വടക്കേമല-ഉറുമ്പിക്കര റോഡിനെ സംബന്ധിക്കുന്ന വിഷയവും പരിശോധിക്കുന്നതാണ്.

## III **റിപ്പോർട്ട് സമർപ്പണം**

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിനെയും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടും 2018-ലെ കേരള ധനകാര്യ ബില്ലിനെയും 2018-ലെ കേരള ധനകാര്യം (2-ാം നമ്പർ) ബില്ലിനെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## IV **അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

ശ്രീ. റ്റി. വി. രാജേഷ്: 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ആരാധനാലയങ്ങളിൽ വിശ്വാസികൾക്ക് നിർഭയവും സുരക്ഷിതവുമായ അന്തരീക്ഷം നിലനിർത്തുന്നതിനും ആരാധനാലയങ്ങളോടനുബന്ധിച്ച് നടക്കുന്ന മത-രാഷ്ട്രീയ-സംഘടനാ പ്രവർത്തനങ്ങൾമൂലം സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തടയുന്നതിനുമായി അവതരിപ്പിച്ച ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളോട് സർക്കാർ തത്വത്തിൽ യോജിക്കുന്നു. 2011-ലെ കേരള പോലീസ് ആക്റ്റിന്റെ കീഴിൽ ചട്ടങ്ങൾ രൂപീകരിച്ച് ആരാധനാലയങ്ങളിലെ ആയുധ കായിക പരിശീലനം തടയുന്ന നടപടി പുരോഗമിച്ചുവരികയാണ്. ഒരു നിയമനിർമ്മാണത്തിലൂടെ ബിൽ വിപുലമായി അവതരിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ബില്ലിന്റെ അന്തസ്സത്ത ഉൾക്കൊള്ളാൻ തയ്യാറായ സർക്കാരിനെ അഭിനന്ദിക്കുന്നു. വ്യത്യസ്ത ജാതിമത സാമുദായിക സംഘടനകളുടെ കീഴിൽ ധാരാളം ആരാധനാലയങ്ങളും വിവിധ മതസ്ഥർ പങ്കെടുക്കുന്ന ആഘോഷങ്ങളും സംസ്ഥാനത്ത് നടക്കാറുണ്ട്. രാഷ്ട്രീയ അധികാരത്തിനുവേണ്ടി സമാധാനവും സൗഹാർദ്ദപരവുമായ അന്തരീക്ഷം നിലനിന്നിരുന്ന ആരാധനാലയങ്ങളെ ദുരുപയോഗം ചെയ്യുന്നതിന് മതവർഗ്ഗീയ തീവ്രവാദ സംഘടനകൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സംരക്ഷണ സമിതികളും മറ്റും രൂപീകരിച്ച് ആരാധനാലയങ്ങളിലെ ആത്മീയ അന്തരീക്ഷവും നാടിന്റെ സമാധാനവും തകർക്കുകയും വിശ്വാസികളെ വഴിതെറ്റിക്കുകയും സംസ്ഥാനത്തിന്റെ മതേതര പൈതൃകം നശിപ്പിക്കുകയുമാണ് ഇത്തരം ആളുകൾ ചെയ്യുന്നത്. ആരാധനാലയങ്ങളെ മതവിദ്വേഷ പ്രചരണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള വർഗ്ഗീയ ശക്തികളുടെ ശ്രമങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ പിന്തുണയുമുണ്ട്. വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ വിദ്വേഷമുണ്ടാക്കി മുതലെടുപ്പ് നടത്തുന്ന വർഗ്ഗീയ ശക്തികളുടെ പ്രവർത്തനങ്ങൾക്ക് വിദേശത്തുനിന്നും സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നുണ്ട്. മതതീവ്രവാദ സംഘടനകളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ള കേന്ദ്രനിയമം അപര്യാപ്തമായതിനാലാണ് സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെടുന്നത്. ആരാധനായലയങ്ങളുടെ

മറവിൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങൾ തടയുന്നതിനായി ഇന്ന് പല രാജ്യങ്ങളും നിയമനിർമ്മാണമുൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിൽ ശക്തമായ ഒരു നിയമം കൊണ്ടുവരേണ്ടത് ആവശ്യമാണ്.

(ചർച്ച തുടരും)

(ii) 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് ഹൈസ്കൂൾതലം വരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായും കെ.ഇ.ആർ.-ന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിയമനം സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ കെ.ഇ.ആർ. അദ്ധ്യായം XXXII ആയി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റു വ്യവസ്ഥകൾ ബാധകമാക്കിയിട്ടില്ല. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സമഗ്രമായ പരിഷ്കരണം നടത്തുന്നതാണ്. ഈ സാഹചര്യത്തിൽ അനൗദ്യോഗിക ബിൽ പ്രസക്തമല്ല.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> കേരളത്തിൽ ഹൈസ്കൂൾ വരെയുള്ള ക്ലാസ്സുകളുടെ കാര്യങ്ങൾ കെ.ഇ.ആർ.-ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും പ്ലസ് ടു സംബന്ധിച്ച് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ചിട്ടില്ല. കെ.ഇ.ആർ.-ലെ ചാപ്റ്റർ XXXII-ന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു അദ്ധ്യാപകരുടെ നിയമന കാര്യത്തിൽ തീരുമാനമെടുക്കുന്നുണ്ടെങ്കിലും പ്രൊമോഷൻ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചട്ടം അപര്യാപ്തമായതിനാൽ മൂന്നാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് ഭേദഗതി ചെയ്യേണ്ടതാണ്. കെ.ഇ.ആർ.-ന്റെ ചട്ടം 51A അനുസരിച്ച് ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഉറപ്പാക്കിയിട്ടുള്ള ക്ലെയിം ഈ ചാപ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിയമപരിരക്ഷ അദ്ധ്യാപകരുൾപ്പെടെയുള്ളവർക്ക് ആവശ്യമാണ്.

(ചർച്ച തുടരും)

(iii) <u>2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ</u>

<u>ശ്രീ. പി. ടി. തോമസ്</u>: 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്):</u> ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണെന്ന് നിർദ്ദേശിക്കുന്ന കേരള ഹൈക്കോടതി വിധി വന്നിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റിയുൾപ്പെടുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും ജലസ്രോതസ്സുകൾ മലിനമാക്കുന്നതിന് ശിക്ഷാനടപടികൾ അടങ്ങുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ സംവിധാനത്തിൽ നിരവധി സ്ഥാപനങ്ങൾ പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നതിനാൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു പുതിയ അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മലിനീകരണംമൂലം ജലം ലഭ്യമാകാത്ത അവസ്ഥ ഒഴിവാക്കുന്നതിനും പൊതുജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ജലമലിനീകരണത്തിന്റെ ഫലമായി കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യവും ശുദ്ധജലത്തിന്റെ പ്രാധാന്യവും

കണക്കിലെടുത്ത് നദികളുൾപ്പെടെയുള്ള ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം, ജലജന്യ സാംക്രമിക രോഗങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശക്തമായ പ്രതിരോധ നടപടികളെടുക്കുന്നതിനും കിണറുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും നിർമ്മാണത്തിൽ നിശ്ചിത അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സാധിക്കണം. സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതോടൊപ്പം സംസ്ഥാനത്ത് ലഭ്യമാകുന്ന കുപ്പിവെള്ളത്തിൽ മാരകമായ പ്ലാസ്റ്റിക് വിഷാംശം കണ്ടെത്തിയ സാഹചര്യത്തിൽ സർക്കാർ സംവിധാനത്തിൽ ഗുണമേന്മയുള്ള കുപ്പിവെള്ളം ലഭ്യമാക്കുന്നതിനും അനധികൃത കുപ്പിവെള്ള നിർമ്മാണശാലകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

(iv) <u>2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ</u>

<u>ശ്രീ. ആർ. രാജേഷ്</u>: 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ):</u> 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ

വകുപ്പ് 445, 446 പ്രകാരം മേൽസൂചിപ്പിച്ച ബില്ലിലെ എല്ലാ കാര്യങ്ങളും നിവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. ആർ. രാജേഷ്: 1994-ലെ കേരള മുനിസിപ്പാലിറ്റി ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യങ്ങളിൽ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതുകൊണ്ടാണ് 446-ാം വകുപ്പിന് (ബി) ഉപവകുപ്പായി ഈ ബില്ലിൽ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ക്ഷീരമേഖലയെ സംരക്ഷിക്കുന്നതോടൊപ്പം മാലിന്യ സംസ്കരണം ശാസ്ത്രീയവും ഫലപ്രദവുമാക്കുന്നതിനും പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും ക്ഷീരകർഷകരുടെ പരാതികൾ പരിഹരിക്കുന്നതിനും സഹായകരമാകുന്ന വിധത്തിലുള്ള ഭേദഗതിയാണ് ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

(ചർച്ച തുടരും)

(v) 2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലത്തുമുള്ള മദ്യപാനം തടയൽ ബിൽ

ശ്രീമതി യു. പ്രതിഭ ഹരി: 2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലത്തുമുള്ള മദ്യപാനം തടയൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): മദ്യപാനാസക്തിയും മദ്യപാനംമൂലവുമുള്ള പ്രശ്നങ്ങൾ ഉയർത്തുന്ന സാമൂഹ്യ വെല്ലുവിളികൾ നിയമപരമായി നേരിടുന്നതിന് ബില്ലിൽ പ്രതിപാദിക്കുന്ന രീതിയിൽ ഗാർഹിക പരിസരത്ത് മദ്യപാനം ശിക്ഷാർഹമാക്കുന്നത് ഭരണഘടനാ വിരുദ്ധമാകുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. നിലവിലുള്ള നിയമമനുസരിച്ച് പൊതുസ്ഥലങ്ങളിൽ മദ്യപിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വ്യക്തമായ നിർവ്വചനങ്ങളും നടപടിക്രമങ്ങളുമില്ലാതെ നിയമം പാസ്സാക്കിയാൽ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടുമെന്നതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സംസ്ഥാനത്ത് മദ്യപാനാസക്തിയും മദ്യപാനവുംമൂലമുള്ള പ്രശ്നങ്ങൾക്കെതിരെ നടത്തുന്ന പ്രയത്നങ്ങൾ വേണ്ടത്ര വിജയിക്കുന്നില്ല. ഗാർഹിക പരിസരങ്ങളും പൊതുസ്ഥലങ്ങളും മദ്യപാനമുക്തമാക്കുന്നതിന് ഇത്തരമൊരു നിയമനിർമ്മാണം ആവശ്യമാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 59 ശതമാനം കുറ്റകൃത്യങ്ങളും 40 ശതമാനം റോഡപകടങ്ങളും മദ്യപാനംമൂലമാണുണ്ടാകുന്നത്.

കുട്ടികളടക്കമുള്ളവരിൽ മദ്യപാനം കൂടിവരുന്നതുമൂലം കുറ്റകൃത്യങ്ങളും കൂടുകയാണ്. മദ്യം ഉല്പാദിപ്പിക്കുന്നതിനും വിൽക്കുന്നതിനും നിയമങ്ങളുണ്ടെങ്കിലും പലപ്പോഴും പാലിക്കപ്പെടുന്നില്ല. മദ്യനിരോധനത്തെക്കാളേറെ നിയന്ത്രണങ്ങളാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. (ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച:

(i) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ശ്രീ. എം. സ്വരാജ്: കേരളത്തിലെ പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രാധാന്യം കണക്കിലെടുത്ത് സമഗ്രവും സർവ്വതല സ്പർശിയുമായ ചർച്ച ആവശ്യമാണ്. ഭൂമിയും പ്രപഞ്ചവും മനുഷ്യർക്കുമാത്രം അവകാശപ്പെട്ടതല്ലെന്നും എല്ലാ ജീവജാലങ്ങൾക്കും അവരുടെ സ്വാഭാവികമായ പരിതഃസ്ഥിതിയിൽ നിലനിൽക്കാൻ അവകാശമുണ്ടെന്നുമുള്ള കാര്യം സഭ ഇതിനുമുമ്പ് ചർച്ച ചെയ്തതാണ്.

(ചർച്ച തുടരും)

(ശ്രീ. വി. ടി. ബൽറാം സഭയിൽ ഹാജരല്ലാത്തതിനാൽ 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച

പരിഗണനയ്ക്കെടുത്തില്ല.)

## (ii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: സംസ്ഥാനത്തെ പ്രാദേശികമായ പത്രങ്ങളുടെയും പ്രധാന പത്രങ്ങളുടെ പ്രാദേശിക ലേഖകരുടെയും പ്രാദേശിക ഫോട്ടോഗ്രാഫർമാരുടേയുമുൾപ്പെടെ യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ലാത്ത ഈ വിഭാഗത്തിനായി ഒരു ക്ഷേമനിധി കൊണ്ടുവരേണ്ടത് അനിവാര്യമാണ്. കേരളത്തിലെ സുപ്രധാന മാധ്യമ പ്രവർത്തനം നടത്തുന്ന ഇവരുടെ തൊഴിൽ സുരക്ഷിതത്വത്തിനും മിനിമം കൂലി ലഭ്യമാക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇവർക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ടെങ്കിലും യാതൊന്നും പ്രാവർത്തികമാകുന്നില്ല. പ്രാദേശിക പത്ര പ്രവർത്തകർക്ക് സമൂഹത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

* * * * *